**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2716** **17-03-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങൾ ടി.ഡി.എസ്. നൽകുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഐ .ടി ആക്ടിലെ 194(എൻ) വകുപ്പ് പ്രകാരം സഹകരണ സംഘങ്ങൾ വർഷം ഒരു കോടിയിലധികം തുക ബാങ്ക് അക്കൗണ്ടിൽ നിന്നും പണമായി പിൻവലിച്ചാൽ രണ്ട് ശതമാനം ടി.ഡി.എസ്. നൽകണമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ബി) | ആദായ നികുതി നിയമത്തിൽ പുതുതായി കൂട്ടിച്ചേർത്ത 194(എൻ) വകുപ്പ് പ്രകാരം സ്രോതസ്സിൽ രണ്ട് ശതമാനം നികുതി(TDS) ഈടാക്കണമെന്നുള്ള വ്യവസ്ഥ സംഘങ്ങളുടെ നിലനിൽപ്പിനെ തന്നെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത നടപടി പിൻവലിക്കണമെന്നും, സഹകരണ സ്ഥാപനങ്ങൾക്ക് വരുമാന നികുതിയിൽ ഇളവ് നൽകണമെന്നുമുള്ള ആവശ്യം കേന്ദ്ര സർക്കാരിന്റെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇതിനു പുറമെ കേന്ദ്ര ആദായനികുതി നിയമത്തിൽ പുതുതായി കൂട്ടിച്ചേർത്ത 194N വകുപ്പിന്റെ പരിധിയിൽ നിന്നും സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ ബാങ്കുകളെ ഒഴിവാക്കുന്നതിനായി കേന്ദ്ര ധനകാര്യ, കൃഷി മന്ത്രിമാർക്ക് നിവേദനം നൽകിയിട്ടുണ്ട്. എന്നാൽ അനുകൂല നടപടി ഉണ്ടാകാത്തതിനാൽ വീണ്ടും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 194 N പ്രകാരം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്ന വിഷയത്തിൽ തുടർ നടപടികൾ ചർച്ച ചെയ്യാൻ സംസ്ഥാനത്തെ സഹകാരികളേയും വിഷയവിദഗ്ദ്ധരേയും പങ്കെടുപ്പിച്ച് ഒരു യോഗം സംഘടിപ്പിച്ചിരുന്നു. കൂടുതൽ ചർച്ചകൾക്ക് ശേഷം നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള സാധ്യത ആരായുന്നതിനും തുടർനടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ